**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1843** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് നിർത്തിവെച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പരിപൂർണ്ണമായും പുന:സ്ഥാപിച്ചിട്ടുണ്ടോ; | (എ) | കൊവിഡ് 19-നെ തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം 22.3.2020 മുതൽ പൂർണ്ണമായും നിർത്തി വച്ചിരുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഘട്ടംഘട്ടമായി 20.05.2020 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. എല്ലാ സർവ്വീസുകളും പൂർണ്ണ അർത്ഥത്തിൽ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും യാത്രക്കാരുടെ എണ്ണം പരിമിതമായാണ് അനുഭവപ്പെടുന്നത്. കൊവിഡ് കാലത്തിന് മുൻപ് പ്രതിദിനം ശരാശരി 16 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തിയിരുന്നതും, നിലവിൽ ശരാശരി 9.8 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തുകയും ചെയ്യുന്നു. |
| (ബി) | കോവിഡ് കാലത്ത് കോർപ്പറേഷന്റെ ലാഭ-നഷ്ട കണക്കുകൾ വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യ്ക്ക് കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗണിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവെച്ചതുമൂലം വരുമാന നഷ്ടമുണ്ടാവുകയും പ്രതിസന്ധി രൂക്ഷമാകുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം ശരാശരി 6.6 കോടി രൂപ വരുമാനം ലഭിച്ചിരുന്ന സമയത്താണ് സർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചത്. ഇപ്പോൾ ശരാശരി പ്രതിദിന വരുമാനം 2.68 കോടി രൂപയായി കുറഞ്ഞിരിക്കുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് വൻ ആഘാതമുണ്ടാക്കിയിരിക്കുകയാണ്. കോവിഡ് കാലത്തെ വരുമാനം, ചെലവ് എന്നിവ സംബന്ധിച്ച വിശദമായ വിവരം ചുവടെ ചേർക്കുന്നു. 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ആകെ വരുമാനം 316.39 കോടി രൂപയാണ്. 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ആകെ ചെലവ് (പെൻഷൻ കണക്കാക്കാതെ) 964.28 കോടി രൂപയാണ്. വരുമാനവും ചെലവും തമ്മിലുള്ള അന്തരം (പെൻഷൻ കണക്കാക്കാതെ) -647.89 കോടി രൂപയാണ്. 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെ പെൻഷൻ ഇനത്തിൽ 559.33 കോടി രൂപ നൽകിയിട്ടുണ്ട്. അതുംകൂടി കണക്കാക്കുമ്പോൾ |

| | | | |
|---|---|---|---|
| | | | ആകെ ചെലവ് 1523.61 കോടി രൂപയാണ്. അതായത് 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള വരുമാനവും ചെലവും തമ്മിലുള്ള അന്തരം പെൻഷൻ കൂടി കണക്കാക്കുമ്പോൾ -1207.22 കോടി രൂപയാണ്. ഇതിൽ സർക്കാർ പൂർണ്ണമായും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) വഴി 2020 ഡിസംബർ മാസം വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. പെൻഷൻ ഒഴികെയുള്ള അന്തരമായ 647.89 കോടി രൂപയിൽ 2020 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള ശമ്പള വിതരണത്തിനായി 596.39 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്. |
| (സി) | പ്രതിദിനം ഇപ്പോൾ എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്; കോവിഡ് കാലത്ത് ഇരുപത്തിയഞ്ച് ശതമാനം നിരക്കിൽ വർദ്ധിപ്പിച്ച ചാർജ്ജ് കുറക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | 12.1.2021 തീയതിയിലെ കണക്ക് അനുസരിച്ച് 3005 സർവ്വീസുകൾ നടത്തി വരുന്നു. കൊവിഡ് മഹാമാരിയെ തുടർന്ന് സർക്കാർ നിർദ്ദേശങ്ങളും സാമൂഹിക സുരക്ഷാ നടപടികളും കർശനമായി പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തി വരുന്നത്. കൊവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ച് സർവ്വീസുകൾ പൂർണ്ണ അർത്ഥത്തിൽ പുനരാരംഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രത്യേക നിരക്ക് പിൻവലിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ കൂടുതൽ യാത്രക്കാരെ ലഭിക്കുന്നതിനായി യാത്രാ തിരക്ക് കുറവുള്ള ചൊവ്വ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള എല്ലാ സർവ്വീസുകളിലും 25% നിരക്ക് ഇളവ് കെ.എസ്.ആർ.ടി.സി. പരീക്ഷണാടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ 49 രൂപ വരെയുള്ള ടിക്കറ്റിന്മേൽ ഈടാക്കി വന്നിരുന്ന സെസ്സ് തുക ഓർഡിനറി, സിറ്റി ഫാസ്റ്റ്, ജൻറം നോൺ എ.സി സർവ്വീസുകളിൽ താൽക്കാലികമായി നിർത്തി വെച്ചിട്ടുമുണ്ട്. |
| (ഡി) | ടയറിന്റെ ലഭ്യതക്കുറവ് മൂലം വിവിധ ഡിപ്പോകളിൽ നിന്നും സർവ്വീസ് വെട്ടിക്കുറയ്ക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഇ) | ഈ സാഹചര്യത്തിൽ മലബാർ മേഖലയിലെ രൂക്ഷമായ ഗതാഗത പ്രതിസന്ധി പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഇ) | മലബാർ മേഖലയിലെ രൂക്ഷമായ ഗതാഗത പ്രതിസന്ധി പരിഹരിക്കുന്നതിനും കെ.എസ്.ആർ.ടി.സി.യ്ക്കും യാത്രക്കാർക്കും ഗുണകരമായ രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ